17U104

Reg. No…………………………………………….. Name……………………………………………..

# B. COM DEGREE END SEMESTER EXAMINATION NOVEMBER 2017

## SEMESTER – 1: ADDITIONAL LANGUAGE MALAYALAM FOR B.COM

## COURSE: 15U1CCMAL1C – KATHA, KAVITHA

*(Common for Regular 2017 admission and Supplementary / Improvement 2016 / 2015 admission)*

Time: Three Hours Max Marks: 75

### എ വിഭാഗം

**ഒററ വാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക**

1. ടി. പത്മനാഭന്റെ ആദ്യകഥാസമാഹാരം ഏത്?
2. ഉണ്ണിക്കുട്ടന്റെ ഒരു ദിവസം എന്ന കൃതിയുടെ കർത്താവ് ആര്?
3. 'വ്യോമകേശൻ' ഏതുകഥയിലെ കഥാപാത്രമാണ്??
4. 2015–ലെ കേന്ദ്രസാഹിത്യഅക്കാദമി അവാർഡ് ലഭിച്ച കൃതി ഏത്?
5. വാർത്തയുടെ ഗന്ധം എന്ന കഥയിലെ പ്രധാന കഥാപാത്രത്തിന്റെ പേരെന്ത്?
6. നിങ്ങളും പാർവ്വതിയും സമം സമം– ഏതു കൃതിയിലെ പരാമർശമാണ്?
7. കൃഷ്ണകവിതകളുടെ കവയിത്രി ആര്?
8. സാമുവൽ ബക്കററിന്റെ വെയററിംഗ് ഫോർ ഗോദോ എന്ന നാടകം പരിഭാഷപ്പെടുത്തിയ മലയാളകവി ആര്?
9. ഭയമിന്നു വലിച്ചെറിഞ്ഞിരിപ്പൂ ഞാനെന്റെ വെള്ളിമെതിയടിക്കൊപ്പം, വ്രീളാനാട്യത്തോടൊപ്പം– ഏതു കവിതയിലെ വരികളാണ്?
10. ഏട്ത്തു ഭാസ്കരൻ? എന്ന ചോദ്യത്തോടെ ആരംഭിക്കുന്ന കഥയേത്? (1 x 10 = 10)

### ബി വിഭാഗം

**അരപ്പുറത്തിൽ കവിയാതെ എട്ടു ചോദ്യത്തിന് ഉത്തരമെഴുതുക**

11. ഇതിലുമൊരുപിടി മണ്ണിൽ നിന്നുരുവമാർ
    ന്നൊടുവിൽ മണ്ണായ്ത്തീരും ജീവിതകഥാസാരം – പരാമർശിക്കുന്നതെന്ത്?
12. വടിവിൽ കൊത്തിവെയ്ക്കാം ശുനകൻ മുരളുന്ന
    പടിക്കൽ പ്രവേശനമില്ലെന്ന ശുഭാക്ഷരം– സന്ദർഭമേതെന്ന് വ്യക്തമാക്കുക.
13. അരുതെന്ന് വിലക്കീ ഞാ
    നലറിക്കൊണ്ടാലും
    അരയോളം മാറോളം
    പുഴയിൽത്താണവസാനം – സന്ദർഭമേതെന്ന് വിവരിക്കുക.
14. സർക്കാർ ആ ശ്രമം ഉപേക്ഷിച്ചു. അതിനുപകരം ഇതൊരു ടൂറിസ്റ്റുകേന്ദ്രമായി പ്രഖ്യാപിച്ചു– ഇവിടെ പരാമർശിക്കുന്ന ഉപേക്ഷിച്ച ശ്രമം ഏത്?
15. മലയാളികൾ വല്ലവരുമുണ്ടോ? എന്നു ചോദിക്കാനിടയായ സാഹചര്യമെന്ത്?
16. പൂവമ്പഴവും മഴയും കൂടി ഒരു ഭയങ്കര ഗൂഢാലോചന നടത്തുകയാണല്ലേ?– അബ്ദുൾഖാദർ സാഹിബ് ഇങ്ങനെ ചിന്തിക്കാനുള്ള കാരണമെന്ത്?
17. നല്ലതും ചീത്തയും എഴുതാനുള്ള പുസ്തകമല്ലിത്. നേരെഴുതാനുള്ളതാ– സന്ദർഭം വ്യക്തമാക്കുക
18. കോത്ത് എന്നാലെന്ത്?
19. നളിനിയുടെ കൃഷ്ണശില്പങ്ങൾക്ക് എന്ന്യൂമറേററർ കണ്ടെത്തുന്ന അപാകതകളെന്തെല്ലാം? അപാകതകൾക്ക് കാരണമെന്ത്?
20. കല്യാണം കഴിഞ്ഞ് അവർ ഒരുമിച്ച് താമസമാക്കിയ ഉടനെ ജമീലാബീവിയുടെ വക പുതിയ ചില ആർഡിനൻസുകൾ ഇറങ്ങി– എന്തൊക്കെയാണ് പുതിയ ആർഡിനൻസുകൾ? (2 x 8 = 16)

## സി വിഭാഗം

### ഒരു പുറത്തിൽ കവിയാതെ ഏതെങ്കിലും അഞ്ചു ചോദ്യത്തിന് ഉത്തരമെഴുതുക

21. ഇന്ത്യയിലെ പഞ്ചായത്തിൽ തന്നെയാണെൻ വീടും- എന്നു പറയാനിടയാക്കിയ സാഹചര്യമെന്ത്?
22. ആധുനികസ്ത്രീയുടെ സ്വാതന്ത്ര്യത്തിനു വേ  യുള്ള ആഗ്രഹമാണ് മീര പാടുന്നു എന്ന കവിത – വിശകലനം ചെയ്യുക.
23. സമാനമനസ്കരുടെ ക  ുമുട്ടലാണ് മരപ്പാവകൾ എന്ന കഥയെ ഹൃദ്യമാക്കുന്നത്- വിശകലനം ചെയ്യുക.
24. ഓറഞ്ചിനെ പൂവമ്പഴമാക്കുന്ന അബ്ദുൾഖാദർ സാഹിബിന്റെ ഗൃഹഭരണരീതിയെ കണക്കററ് കളിയാക്കുകയാണ് പൂവമ്പഴം എന്ന കഥയിൽ വൈക്കം മുഹമ്മദ്ബഷീർ ചെയ്തത് – വിമർശനബുദ്ധ്യാ പരിശോധിക്കുക
25. ഉച്ചാടനം എന്ന കഥയ്ക്ക് ശീർഷകത്തോട് നീതി പുലർത്തുന്ന ആഖ്യാനമാണുള്ളത്- വിലയിരുത്തുക
26. ഗർഭപാത്രത്തിൽ നിന്ന് ചിതയിലേക്കുള്ള നടത്തമാണ് ജീവിതം എന്ന അസ്തിത്വവാദദർശനം സാധൂകരിക്കുന്ന കഥയാണ് നദിയും തോണിയും- വിശകലനം ചെയ്യുക.
27. പാവം മാനവഹൃദയം എന്ന് പാടാനുള്ള കാരണങ്ങളെന്തെല്ലാം? (5 x 5 = 25)

## ഡി വിഭാഗം

### ര  ു ചോദ്യത്തിന് നാലു പേജിൽ കവിയാതെ ഉത്തരമെഴുതുക

28. വിലാസിനി എന്ന കഥാപാത്രത്തെ അടിസ്ഥാനമാക്കി കെ.സരസ്വതിയമ്മയുടെ 'പെൺബുദ്ധി' എന്ന കഥ വിലയിരുത്തുക

അല്ലെങ്കിൽ

മലിനമാകുന്ന മണ്ണും പെണ്ണും എന്ന ആശയമാണ് 'വിപണികൾ പൂക്കുന്നു' എന്ന കഥയിലുള്ളത്- വിവരിക്കുക

29. 'നാടെവിടെ മക്കളെ', 'പട്ടാമ്പിപ്പുഴ മണലിൽ' എന്നീ കവിതകളിലെ പാരിസ്ഥിതികാശയങ്ങൾ വിശകലനം ചെയ്യുക.

അല്ലെങ്കിൽ

മെക്കളെയുടെ മകൾ എന്ന കവിത ദേശം, ദേശസ്നേഹം തുടങ്ങിയവ തീവ്രമായി അടയാളപ്പെടുത്തുന്നു – വിലയിരുത്തുക. (12 x 2 = 25)

***********